(സി) ഫേസ് VIII-ൽ ഉൾപ്പെട്ട എത്ര റോഡുകൾ പൂർത്തിയാക്കുവാനുണ്ട് ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഫേസ് VIII-ലെ എത്ര റോഡുകൾക്ക് മെയിൻറനൻസിന് കരാർ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെ പറയുന്ന 5 റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്.

1. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷംവീട് കുനൻമല റോഡ്
2. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമംഗലം-കണ്ണമംഗലം റോഡ്
3. കരിമ്പുഴ പഞ്ചായത്തിലെ പോരാന്ത്ര കടപ്പാടം റോഡ്
4. പൂക്കോട്ടുകാവ് പഞ്ചായത്തിലെ പൂക്കോട്ടുകാവ് കോവിലിങ്ങൽപ്പടി റോഡ്
5. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ്.

(ബി) ഒരു റോഡിന്റെയും പണി പൂർത്തിയായിട്ടില്ല. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഫേസ് 8-ലെ എല്ലാ റോഡു പ്രവൃത്തികൾക്കും 5 വർഷത്തെ മെയിന്റനൻസ് ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

ഗ്രാമവികസന വകുപ്പിലെ കമ്മിറ്റികൾ

20 (3303) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ അനുവദിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമവികസന വകുപ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാളിതുവരെ എത്ര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; ഈ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റികളുടെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട എത്ര ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി. റ്റി. മാത്യു (പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ) അദ്ധ്യക്ഷനായി സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണത്തിനായി ശിപാർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഡോ. രാജൻ ഖൊബ്രഗഡേ കൺവീനറായി 13-3-2014-ലെ സ.ഉ.(സാധാ) നമ്പർ 756/2014/തസ്വഭവ പ്രകാരം കമ്മിറ്റി രൂപീകരിച്ചു. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ 17-11-2011-ലെ സ.ഉ.(സാധാ) നമ്പർ 2701/2011/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

ഈ വിഷയത്തിൽ കൂടുതൽ വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

21 (3304) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 1 ഗ്രേഡ് 11 ജീവനക്കാരുടെ 2014 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നഷ്ടപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly